# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2168 — 22.01.2014-ൽ മറുപടിയ്ക്ക്

### ഹരിത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) 'ഹരിതകേരളം' എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | എ) സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2009 വർഷം മുതൽ ഹരിതകേരളം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ വർഷവും ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് തുടക്കം കുറിച്ച് നടപ്പിലാക്കി വരുന്നതാണ് ടി പദ്ധതി. ഈ വർഷവും ജൂൺ 5 മുതൽ 6-ാം ഘട്ട ഹരിതകേരളം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>വൃക്ഷാവരണം വർദ്ധിപ്പിച്ച് ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും, വായു മലിനീകരണത്തെയും ചെറുക്കുക, മണ്ണ് ജല സംരക്ഷണം ഉറപ്പുവരുത്തുക, സാധാരണ ജനങ്ങൾക്ക് ആവശ്യമുള്ള തടി, വിറക്, കാലിത്തീറ്റ എന്നിവ ലഭ്യമാക്കുക, സ്വകാര്യ കൈവശ സ്ഥലങ്ങളിലെ തടി ലഭ്യത വർദ്ധിപ്പിക്കുക, വൃക്ഷവൽക്കരണം, വന്യജീവി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം, ഹരിതവൽക്കരണം മുഖേന ലഭ്യമാകുന്ന പാരിസ്ഥിതിക സേവനങ്ങൾ എന്നിവയെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും സൃഷ്ടിച്ച് പ്രകൃതി സംരക്ഷണം ഉറപ്പാക്കുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെയുള്ള ഹരിത കേരളം പദ്ധതി പ്രകാരം സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പത്രമാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, |

സർക്കാരിതര സംഘടനകൾ, സന്നദ്ധസംഘടനകൾ, എൻ.എസ്.എസ്., എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിങ്ങനെയുള്ള സംഘടനകൾ എന്നിവ മുഖേന തൈ വിതരണം നടത്തി വരുന്നതു കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, റെയിൽവേ എന്നിവയുടെ ലഭ്യമായ സ്ഥലങ്ങളിലും, വഴിയോരങ്ങളിലും വൃക്ഷതൈകൾ നട്ട് പരിപാലിക്കുന്ന പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്

| | |
|---|---|
| ബി) സംസ്ഥാനത്തെ ഹരിതാഭമാക്കാനും സമഗ്ര വൃക്ഷവൽക്കരണത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഹരിത കേരളം പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ ? | ബി) സംസ്ഥാനത്തെ ഹരിതാഭമാക്കാനും, സമഗ്രവൃക്ഷവത്ക്കരണം നടപ്പിലാക്കാനുമായി സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പത്രമാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സർക്കാരിതര സംഘടനകൾ, എൻ.എസ്.എസ്., എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് തുടങ്ങിയ സംഘടനകൾ, മതസംഘടനകൾ എന്നിവ മുഖേന വൃക്ഷത്തൈ വിതരണം നടത്തി വരുന്നു ണ്ട്. <br><br> കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, റെയിൽവേ എന്നിവയുടെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും, കൂടാതെ വഴിയോരങ്ങളിലും വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്ന പ്രവർത്തനങ്ങളും ടി പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നു ണ്ട്. അപ്രകാരം തൈ വിതരണം നടത്തുന്നതുകൂടാതെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിലേക്ക് സ്ഥലമുടമയ്ക്ക് പ്രോത്സാഹന ധനസഹായ വിതരണം നടത്തുന്ന പദ്ധതിയും നടപ്പിലാക്കുന്നു ണ്ട് |

Ajithak
സെക്ഷൻ ഓഫീസർ